മി. സ്പീക്കർ : ഒരാളിന്റെ കോൺസ്റ്റിറ്റ്യൂവൻസിയിലെ കാര്യം വേറൊരാൾ പറയുമ്പോൾ അതിന്റെ വിഷമം മനസ്സിലാകും.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : അതിലെനിക്ക് തർക്കമില്ല.

മി. സ്പീക്കർ : അങ്ങേയ്ക്കും അതുണ്ടാകും. എല്ലാപേർക്കും ഉണ്ടാകും. ശ്രദ്ധിക്കാൻവേണ്ടി പറഞ്ഞതാണ്.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ഒരു സംസ്ഥാനത്തെ മൊത്തം ബാധിക്കുന്ന കാര്യവും ജില്ലയെ മൊത്തം ബാധിക്കുന്ന കാര്യവും ഇവിടെ പറയാം. അദ്ദേഹം അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ പറയും. എനിക്ക് എന്റെ കാഴ്ചപ്പാടുണ്ട്. അങ്ങനെ പറയാൻ പറ്റില്ലെന്ന് നിബന്ധനയുണ്ടോ? റൂളിൽ വല്ലതും പറയുന്നുണ്ടോ?

മി. സ്പീക്കർ : റൂളിൽ കയറി പിടിക്കേണ്ട.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : റൂളിൽ അങ്ങനെ പറയുന്നില്ലല്ലോ?

മി. സ്പീക്കർ : അനുവദിക്കാൻ പറ്റില്ല എന്നു പറഞ്ഞാൽ പറ്റില്ല.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : അതു പറഞ്ഞിട്ടു കാര്യമില്ല.

മി. സ്പീക്കർ : That is the rule. റൂൾ അറിയാമോ? അങ്ങേയ്ക്കും റൂൾ അറിയില്ലേ? അനുവദിക്കാൻ പറ്റില്ല. ഇവിടെ അവതരിപ്പിക്കാൻ പറ്റില്ല.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ബഹുമാനപ്പെട്ട സ്പീക്കറുമായിട്ട് തർക്കത്തിനില്ല. ഞാൻ അതിന്റെ മറുവശം പറഞ്ഞുവെന്നേയുള്ളൂ.

മി. സ്പീക്കർ : അങ്ങു പറയുന്നത് ഞാൻ അംഗീകരിച്ചു. റൂളിങ്ങനെ ചോദ്യം ചെയ്യുന്നത് ഞാൻ ആദ്യമായിട്ട് കേൾക്കുകയാണ്. റൂളിൽ പറയുന്നുണ്ടോ എന്ന് ചോദിക്കുന്നത്. ഞാൻ ആദ്യമായിട്ട് സഭയിൽ കേൾക്കുകയാണ്. അതു കുറച്ചു കടന്നുപോയി.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുമായിട്ട് തർക്കത്തിനില്ല.

ശ്രീ. സത്യൻ മൊകേരി : അങ്ങ് സഭയുടെ നാഥനാണ്. അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയാണോ?

(1) വയനാട് ജില്ലയിലെ പ്രകൃതി സന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന ജലവൈദ്യുത പദ്ധതികളുടെയും ജലസേചനപദ്ധതികളുടെയും പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, വയനാട് ജില്ലയിലെ മൊത്തം ജനങ്ങളും ഭയപ്പാടിന്റെ അന്തരീക്ഷത്തിലാണ് ഇന്ന് കഴിയുന്നത്. വയനാട് ജില്ല കേരളത്തിലെ ഏറ്റവും കൊച്ചു ജില്ലയാണ്. 2,12,560 ഹെക്ടറാണ് അതിന്റെയാകെ വിസ്തീർണ്ണം. മൊത്തം വിസ്തീർണ്ണത്തിന്റെ നാലിലൊന്ന് വനപ്രദേശമാണ്. ജനസംഖ്യ ഏകദേശം ഇപ്പോൾ ഏഴുലക്ഷം വരും സമുദ്രനിരപ്പിൽനിന്ന് 700 മുതൽ 2800 വരെ മീറ്റർ ഉയരത്തിലാണ് വയനാട് ജില്ല സ്ഥിതിചെയ്യുന്നത്. ഇതിൽ മൊത്തം വിസ്തീർണ്ണത്തിൽ നാലിലൊന്നു വനഭൂമിയാണ്. ശരാശരി അവിടത്തെ കൃഷിഭൂമിയുടെ അളവ് 1,60,000 ഹെക്ടറാണ്. വയനാട് ജില്ലയിൽ ഇപ്പോൾ കാരാപ്പുഴ ജലസേചന പദ്ധതിയുണ്ട്, കുറ്റ്യാടി ഓഗ്മെന്റേഷൻ ജലവൈദ്യുത പദ്ധതിയുണ്ട്, അതിനോടനുബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ബാണാസുര സാഗർ പദ്ധതിയുണ്ട്. ഇങ്ങനെ വളരെ പ്രധാനപ്പെട്ട മൂന്നു പദ്ധതികൾ വയനാട് ജില്ലയിൽ ഉണ്ട്. ഇതുകൂടാതെ തന്നെ ഈ കൊച്ചുജില്ലയിൽ മാനന്തവാടി ജലവൈദ്യുത പദ്ധതി ആരംഭിക്കാനുള്ള നീക്കം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ ഒന്നടങ്കം എതിരായതിനാൽ വിശദമായ അന്വേഷണം, ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ, ജനങ്ങൾ തടസ്സപ്പെടുത്തുന്നതിനാൽ അതിന്റെ പ്രവർത്തനം മന്ദഗതിയിലാണ്. ഇതുകൂടാതെ പുതിയതായി അഞ്ചു ജല വൈദ്യുതപദ്ധതികൾകൂടി ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു എന്നാണ് 30.1.99 ലെ ഇറിഗേഷൻ സെക്രട്ടറിയുടെ ഉത്തരവുപ്രകാരം കാണുന്നത്. അതിൽ ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി, എന്നിവിടങ്ങളിൽ പുതിയ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസുകൾ തുറക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഡിറ്റെയിൽഡ് ഇൻവെസ്റ്റിഗേഷന് ഒരു കോടി എഴുപതു ലക്ഷം രൂപ നീക്കിവച്ചിരിക്കുകയാണ്. മൊത്തം ഈ അഞ്ചു പദ്ധതികൾക്കായുള്ള ചെലവ്, റഫ് കോസ്റ്റ് എസ്റ്റിമേറ്റനുസരിച്ച് 170 കോടി രൂപയാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പദ്ധതി പൂർത്തിയാകുമ്പോൾ ഇതിന്റെ നാലിരട്ടി ചെലവു വരും. ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കണമെന്നും പ്രോജക്ട് റിപ്പോർട്ട് 2000-ാമാണ്ടിൽ പൂർത്തിയാക്കണമെന്നും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ചീഫ് എൻജിനീയറുടെ 12.2.1999-ലെ കത്തിൽ നിന്ന് അതാണു കാണുന്നത്. മാനന്തവാടി ജലവൈദ്യുത പദ്ധതി, ചുണ്ടേൽപുഴ, ചേരാട്ട്, കല്ലംപതി, കടമാനത്തോട്, നൂൽപ്പുഴ എന്നീ ജലസേചന പദ്ധതികൾ നടപ്പാക്കാൻ ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുകയാണ്. അഞ്ചു പദ്ധതികൾ പുതുതായി വരുമ്പോൾ ഏകദേശം ഇരുപതിനായിരത്തിൽപ്പരം കുടുംബങ്ങൾ കുടിയിറക്കപ്പെടും. ഏകദേശം ഇരുപതിനായിരത്തിൽപ്പരം കുടുംബങ്ങൾ എന്നു പറഞ്ഞാൽ വയനാട് ജില്ലയിൽനിന്ന് ഏകദേശം ഒരുലക്ഷം പേർ കുടിയിറങ്ങേണ്ടിവരും. ഇതു വയനാട്ടിലെ മൊത്തം ജനസംഖ്യയുടെ ഏഴിലൊന്നു വരും. നിലവിലുള്ള കാരാപ്പുഴ, കുറ്റ്യാടി ഓഗ്മെന്റേഷൻ ജലവൈദ്യുത പദ്ധതി, അതിനോടനുബന്ധിച്ചുള്ള ബാണാസുര സാഗർ ജലസേചന പദ്ധതി, പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന മാനന്തവാടി ജലവൈദ്യുത പദ്ധതി എന്നിവയടക്കമുള്ള പദ്ധതികൾ പൂർത്തിയാകുമ്പോൾ വയനാട്ടിലെ മൊത്തം ഒരു ലക്ഷത്തി അറുപതിനായിരം ഹെക്ടർ ഭൂമിയിൽനിന്നും ഏകദേശം 19,000 ഹെക്ടർ ഭൂമി വെള്ളത്തിനടിയിലാകുമെന്നാണ് കണക്ക്. ഇതു മൊത്തം കൃഷിഭൂമിയുടെ എട്ടിലൊന്ന് വരും. നിർദ്ദിഷ്ട പദ്ധതികൾ പൂർത്തിയാകുമ്പോൾ വയനാട്ടിലെ മൊത്തം ജനസംഖ്യയുടെ ഏഴിലൊന്നു കുടിയിറക്കപ്പെടുകയും എട്ടിലൊന്ന് ഭൂമി വെള്ളത്തിനടിയിലാകുകയും ചെയ്യും. കുടിയിറക്കുന്നവർക്ക് വയനാട്ടിൽ ഒരിഞ്ചു ഭൂമിപോലും ഇന്നു പകരം കിട്ടാനിടയില്ല. കേരളത്തിലെ മറ്റു സ്ഥലങ്ങളിലും ഇത്രയധികം പേർക്ക് ഭൂമി കിട്ടാനിടയില്ല. ഭാഷാപ്രശ്നങ്ങൾ പുതിയതായി ഉരുത്തിരിഞ്ഞു വരുന്നതുകൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ പോയാലും ഒരുലക്ഷം പേർക്ക് ഭൂമി കിട്ടാനിടയില്ല.

കുടിയിറക്കുന്നവർ കഴിച്ച് ബാക്കിയുള്ള വയനാട്ടിലെ ആളുകൾ അനുഭവിക്കേണ്ട ദുരിതങ്ങൾ വേറെയുമുണ്ട്. മലയോരപ്രദേശമായ ആ കൊച്ചു ജില്ലയിൽ ഇത്രയധികം പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുമ്പോൾ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും പ്രതികൂലമായ ചലനങ്ങളുണ്ടാകും. മലയിടിച്ചിൽ, ഉരുൾപ്പൊട്ടൽ, ഭൂചലനം എന്നിവ ഉണ്ടാകാൻ സാധ്യതയുണ്ട്. പലതരത്തിലുള്ള രോഗങ്ങളും ഉണ്ടാകാൻ ഇടയുണ്ട്. പരിസ്ഥിതിയിലും പ്രതി

LIBRARY ARCHIVES Kerala Legislative Assembly

കൂലമായ ചലനമുണ്ടാകും. ഈ പദ്ധതികൾക്കെതിരെയുള്ള ജനവികാരം ഈ സഭയിൽ പലതവണ പ്രതിഫലിപ്പിച്ചതാണ്. മാനന്തവാടി പദ്ധതിയെക്കുറിച്ച് മുൻപ് ശ്രീമതി രാധാരാഘവൻ എം.എൽ.എ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയൻ പറഞ്ഞത്, ഈ പദ്ധതി ഇപ്പോൾ ഇൻവെസ്റ്റിഗേഷനിൽ മാത്രമാണ്, ഫീസിബിളാണെങ്കിൽ അപ്പോൾ നടപ്പാക്കുമെന്നാണ്. അങ്ങനെയാണ് ഗവൺമെന്റിന്റെ തീരുമാനമായി പറഞ്ഞത്. ഇറിഗേഷൻ വകുപ്പുമന്ത്രി കഴിഞ്ഞതവണ എന്റെ ഒരു സബ്മിഷനു മറുപടിയായി പറഞ്ഞത് 'ജനങ്ങൾക്കു വേണ്ടാത്ത പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല' എന്നാണ്. അദ്ദേഹംതന്നെ ചുണ്ടേൽപ്പുഴ പദ്ധതിയെക്കുറിച്ച് വയനാട് ജില്ലയിൽ വന്ന പത്രപ്രതിനിധികളോട് പറഞ്ഞത് ചുണ്ടേൽപ്പുഴ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല എന്നാണ്. ഇങ്ങനെ പ്രസ്താവന നടത്തിയശേഷമാണ് പുതിയ അഞ്ചു ജലസേചന പദ്ധതികൾ തുടങ്ങാൻ, ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ നടത്താനും ഒരു കോടി എഴുപതു ലക്ഷം രൂപ ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷന് അനുവദിക്കാനും അഞ്ചു പദ്ധതികൾക്കായി 170 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഉണ്ടാക്കിയിരിക്കുന്നത്. അത് കാവേരി നദീജലവുമായി ബന്ധപ്പെട്ടതാണെന്നൊക്കെ മുഖ്യമന്ത്രി പറയും. ഒരു കാര്യം വ്യക്തമാണ്. വയനാട് ജില്ലയിലെ ജനങ്ങൾ വളരെ ആശങ്കയിലാണ്. എവിടെയൊക്കെ എപ്പോൾ പദ്ധതികൾ വരുമെന്ന് ഉറപ്പില്ല. മുമ്പ് 7 പദ്ധതികളാണ് പറഞ്ഞത്; ഇപ്പോഴത് 5 പദ്ധതികളായിച്ചുരുങ്ങിയെങ്കിലും ഈ കൊച്ചു ജില്ലയിൽ ഇത്രയധികം പദ്ധതികൾ വന്നുകഴിഞ്ഞാൽ ഒരു ലക്ഷത്തോളംപേർക്ക് കുടിയിറങ്ങേണ്ടിവരും. അതുപോലെതന്നെ വയനാട് ജില്ലയിലെ എട്ടിലൊന്നുഭാഗം വെള്ളത്തിനടിയിലാകും. അതുകൊണ്ടാണ് വയനാട്ടിലെ ജനങ്ങളുടെയിടയിൽ വളരെയേറെ ആശങ്ക നിലനിൽക്കുന്നത്, ഭീതി നിലനിൽക്കുന്നത്. അതുകൊണ്ട് ജനങ്ങൾക്ക് വേണ്ടാത്ത ഈ പദ്ധതി, ജനങ്ങൾ പൂർണ്ണമായി എതിർക്കുന്ന ഈ പദ്ധതി ഉപേക്ഷിക്കണം. വയനാട് ജില്ലയിൽ പ്രായോഗികമായിട്ടുള്ളത് തടയണകളാണ്. കിഴക്കോട്ട് ഒഴുകുന്ന നദിയാണ്, കാവേരി നദീജലമാണ്, അതുകൊണ്ട് തടഞ്ഞുനിർത്തണമെന്നൊക്കെ മുഖ്യമന്ത്രി പറയുമായിരിക്കും. പക്ഷേ വയനാട് ജില്ലയിൽ പ്രായോഗികമായിട്ടുള്ളത് വെള്ളം തടഞ്ഞുനിർത്തുന്നതിനാവശ്യമായ ചെറിയ ചെറിയ അണക്കെട്ടുകളാണ്. അത് പരിശോധിക്കുകയല്ലാതെ ഇത്രയും വലിയ പദ്ധതി കൊണ്ടുവന്ന് ജനങ്ങളെ മുഴുവൻ വെള്ളത്തിലാക്കി, ജനങ്ങളെ മുഴുവൻ കുടിയിറക്കിവിടുന്ന നടപടിക്കെതിരെ ജനരോഷം ഉയർന്നുവരികയാണ്. ജനങ്ങൾ ഈ പദ്ധതിക്ക് പൂർണ്ണമായും എതിരാണ്. ജനങ്ങൾ ഈ പദ്ധതിപ്രവർത്തനങ്ങൾ തടയാൻ തീരുമാനിച്ചിരിക്കുകയാണ്. എന്തുതന്നെ വന്നാലും ശരി ഈ പദ്ധതി അനുവദിക്കില്ല എന്നുള്ള നിലപാടിലാണ് ജനങ്ങൾ. അതുകൊണ്ട് ജനവികാരം മനസ്സിലാക്കി ഈ പദ്ധതി നടപ്പാക്കുന്നതിൽനിന്നും ഗവൺമെന്റ് പിന്തിരിയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കേരളത്തിലെ കിഴക്കോട്ട് ഒഴുകുന്ന മൂന്നു നദികളിലൊന്നായ കാവേരിയുടെ നദീതടത്തിൽ ജലസേചന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രത്യേക പ്രാധാന്യമുണ്ട്. ഈ ജലം നമ്മുടെ സംസ്ഥാനത്ത് ഉപയോഗിക്കാൻ കഴിയാതെ വരികയാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് പ്രയോജനമില്ലാതെ കിഴക്കോട്ട് ഒഴുകി അയൽ സംസ്ഥാനങ്ങളിലേക്ക് പോകും. പ്രസ്തുത പദ്ധതികളുടെ പ്രാഥമിക പഠന പര്യവേഷണം 1990 കാലയളവിൽ നടത്തുകയും അതിലൂടെ സംസ്ഥാനത്തിനാവശ്യമായ ജലത്തിന്റെ കണക്ക് കാവേരി നദീതട ട്രിബ്യൂണലിന് സമർപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും ചെയ്തു. ഇപ്പോൾ അതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രാരംഭ നടപടികൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ അവസരത്തിൽ നിർദ്ദിഷ്ട ഇൻവെസ്റ്റിഗേഷൻ പണികൾപോലും ഉപേക്ഷിക്കുകയാണെങ്കിൽ കാവേരി നദീതടത്തിൽനിന്നും കേരളത്തിന് ലഭിക്കേണ്ട ജലവിഹിതം ലഭ്യമാക്കുന്നതിൽ പ്രയാസം നേരിടുവാൻ സാധ്യതയുണ്ട്. ഈ സമയത്ത് കൂടുതൽ കാവേരി നദീതട പദ്ധതികളുമായി സംസ്ഥാനം മുന്നോട്ടു പോയില്ലെങ്കിൽ ലഭ്യമാകുന്നജലം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ പദ്ധതികളില്ലെന്ന കാരണത്താൽ കാവേരി ട്രിബ്യൂണലിന്റെ വിധി കേരളത്തിന് പ്രതികൂലമാകാനുള്ള സാധ്യതയുണ്ട്. ഈ പദ്ധതികൾ ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ സ്റ്റേജിൽ മാത്രമാണ്. പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായതിനുശേഷമേ ഇതുമായി മുന്നോട്ടു പോകണമോ വേണ്ടയോ എന്ന് അന്തിമ നിലപാട് എടുക്കാൻ സാധിക്കുകയുള്ളൂ. അതായത് പദ്ധതി പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾ, നിവാസികളുടെ പുനരധിവാസം തുടങ്ങിയ എല്ലാ വശങ്ങളും വിലയിരുത്തിയതിനുശേഷമേ നടത്തിപ്പിനെക്കുറിച്ച് അന്തിമ തീരുമാനം എടുക്കുകയുള്ളൂ. ഈ പദ്ധതികൾ ഇപ്പോഴത്തെ നിലയിൽ ഉപേക്ഷിക്കുകയാണെങ്കിൽ വരുംകാലങ്ങളിൽ കേരളത്തിലെ വൈദ്യുതിയുടേയും ജലത്തിന്റേയും ലഭ്യതയിൽ ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇപ്പോൾ നടന്നുവരുന്ന പര്യവേഷണ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവിധ ജനവിഭാഗങ്ങളിൽനിന്നും പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളും മറ്റു ബഹുജനസംഘടനകളുമായി അവരുടെ പരാതികളെ സംബന്ധിച്ച് ചർച്ച നടത്തിയതിനുശേഷം മാത്രമേ തുടർന്ന് നടപടികൾ സ്വീകരിക്കുകയുള്ളൂ.

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> : സർ, ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷനുശേഷം ഈ പദ്ധതികൾ ഫീസിബിളാണെന്നു കണ്ടാൽ ഗവൺമെന്റ് നടപ്പാക്കുമോ അല്ലെങ്കിൽ ജനവികാരം മാനിച്ച് അത് മാറ്റിവയ്ക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സർ, എല്ലാ കക്ഷികളുമായി ആലോചിച്ചുമാത്രമേ അത് നടപ്പിൽ വരുത്തുകയുള്ളൂ.

(2) സംസ്ഥാനത്ത് സമഗ്രവിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. സത്യൻ മൊകേരി</u> : സർ, നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയുടെയും സംസ്ഥാന ഗവൺമെന്റിന്റെയും ശ്രദ്ധ ഞാൻ ഈ സഭയിൽ ക്ഷണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ ഏകദേശം 29-30 ശതമാനത്തോളം കൃഷിയിൽ നിന്നുമുള്ള വരുമാനമാണ്. അത് നൽകുന്ന കൃഷിക്കാർക്ക് അവർ ഉല്പാദിപ്പിക്കുന്ന കൃഷികൾക്ക് പൂർണ്ണമായ സംരക്ഷണം ലഭിക്കാത്തതുകൊണ്ട് അവർ വളരെ പ്രയാസത്തിലാണുള്ളത്. അപ്രതീക്ഷിതമായുണ്ടാകുന്ന കാലവർഷക്കെടുതികൾ - വരൾച്ചയായാലും വെള്ളപ്പൊക്കമായാലും കൊടുംകാറ്റായാലും കാർഷികവിളകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അത് വാഴയായാലും മറ്റ് ഏതു തരത്തിലുള്ള കൃഷികളായാലും പ്രകൃതിക്ഷോഭത്തിൽപ്പെട്ട് നശിച്ചുകഴിഞ്ഞാൽ കൃഷിക്കാർക്ക് അതിനാവശ്യമായ സംരക്ഷണം ലഭിക്കാത്ത സാഹചര്യം വന്നുചേരുന്നു. സംസ്ഥാന ഗവൺമെന്റ് അതാതു കാലങ്ങളിൽ ചെറിയചെ

LIBRARY ARCHIVES Kerala Legislative Assembly